For Private Circulation Only

October 2025

# ആഗമനാരുണൻ

HOLY BIBLE

Vol.72

" ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. നാം അന്യോന്യം സ്നേഹിക്കുന്നു എങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു " (1യോഹ. 5:12)

No.10

## ക്രിസ്തു നിങ്ങളിൽ

**By Charles H. Spurgeon**

" അതു പൂർവ്വകാലങ്ങൾക്കും തലമുറകൾക്കും മറഞ്ഞു കിടന്ന മർമ്മം എങ്കിലും ഇപ്പോൾ അവന്റെ വിശുദ്ധന്മാർക്കു വെളിപ്പെട്ടിരിക്കുന്നു; അവരോട് ജാതികളുടെയിടയിൽ ഈ മർമ്മത്തിന്റെ മഹിമാധനം എന്തെന്ന് അറിയിപ്പാൻ ദൈവത്തിന് ഇഷ്ടമായി; ആ മർമ്മം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നുള്ളതു തന്നെ " (കൊലൊ. 1:26,27).

സുവിശേഷം എന്ന രഹസ്യം മർമ്മങ്ങളുടെ മർമ്മമാണ്. ഈ മഹത്വത്തിന്റെ ധനം ഇവിടെ വരച്ചു കാട്ടിയിരിക്കുന്നു. " മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു ".

അനുഗ്രഹിക്കപ്പെട്ട സുവിശേഷത്തിന്റെ മർമ്മം എന്നത് ക്രിസ്തുവിന്റെ വ്യക്തിത്വത്തിൽ കേന്ദ്രീകൃതമാണ്. നിത്യനായ ദൈവം തന്നെ മനുഷ്യരൂപം എടുത്തു എന്നത് അത്ഭുതകരമായ ഒരു ചിന്താഗതിയാണ്! മനുഷ്യനെ സംബന്ധിച്ചിടത്തോളം ഇത് അസാദ്ധ്യമാണ്. ഇപ്പോൾ പോലും ഇത് വിശ്വാസത്തിന്റെ മഹത്വകരമായ മർമ്മം ആയിരിക്കുന്നു. ദൈവവും മനുഷ്യനും ഒരു വ്യക്തിയിൽ ആയിരിക്കുന്നത് സ്വർഗ്ഗത്തിനും, ഭൂമിക്കും, നരകത്തിനും അത്ഭുതകരമാണ്. ദാവീദിനെ അത്ഭുതപ്പെടുത്തുന്നത്, " മർത്യനെ നീ ഓർക്കേണ്ടതിന് അവൻ എന്ത്? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടിന് അവൻ എന്തു മാത്രം? (സങ്കീ. 8:4).

### ക്രിസ്തുവിന്റെ ജഡാവതാരം

ഒന്നാമതായി ക്രിസ്തുവിന്റെ ജഡാവതാരം എന്നത് ദൈവത്തിന്റെ അതിശ്രേഷ്ടമായ ബുദ്ധിയാണ്. ഇത് സർവ്വശക്തനായ, സർവ്വജ്ഞാനിയായ ദൈവത്തിന്റെ പദ്ധതിയിൽപ്പെട്ട, " ഇമ്മാനുവേൽ, ദൈവം നമ്മോടുകൂടെ " ആണ്. ഇതിനെക്കുറിച്ച് ചിന്തിക്കുക! നിത്യനായ ഒരു കുഞ്ഞ്, പഴയകാലങ്ങളിലെ ഒരു കുട്ടി, ദു:ഖിക്കുന്നവർക്കും കഷ്ടപ്പെടുന്നവർക്കും നിത്യനായ അനുഗ്രഹിക്കപ്പെട്ട ഒരു മനുഷ്യൻ യഥാർത്ഥമായത്, അത്ഭുതകരമായത്, ദൈവികമായത് എന്നതാണ് അതിന്റെ ആശയം. അതെ രണ്ട് പ്രകൃതികൾ ഒരുമിച്ച് ചേർന്നത്!

സഹോദരന്മാരേ, സുവിശേഷത്തിന്റെ ഹൃദയം ഈ സത്യത്തിൽ താളം വയ്ക്കുന്നു. അത്യുന്നതന്റെ പുത്രൻ ബത്ലഹേമിൽ ജനിക്കുന്നു, തന്റെ ജനനത്തിങ്കൽ, നീതിയുടെ പ്രമാണം താൻ നിവർത്തിച്ചു, അഥവാ അവിടുന്ന് രക്തം നമുക്കായൊഴുക്കി. ദൂതന്മാർ ഇങ്ങനെ പാടി, " അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം " (ലൂക്കോ. 2:14). ക്രിസ്തുവിന്റെ ജഡാവതാരം ആളുകൾക്ക് നല്ല കാര്യങ്ങളുടെ ധനമാണ് എന്ന് അവർ അറിഞ്ഞു. നമ്മുടെ ദൈവമായ കർത്താവ് മാനവകുലത്തിന് മുഴുവൻ മറെച്ചവയ്ക്കുവാൻ കഴിയാത്ത അനുഗ്രഹമായി ഇതിനെ എടുത്തു. " നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു, നമുക്കു ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു " (യെശ. 9:6). അതിൽ നമ്മുടെ രക്ഷക്കായി വെളിപ്പെട്ട കുട്ടിയെയും പുത്രനെയും നാം കണ്ടു. ദൈവത്തിന് നമ്മുടെ പ്രകൃതിയിൽ നമുക്കുവേണ്ടി ഒന്നും ചെയ്വാൻ കഴിഞ്ഞില്ല. എന്നാൽ സന്തോഷം നൽകുവാൻ കഴിഞ്ഞു. നിശ്ചയമായിട്ടും, മനുഷ്യനും ദൈവവുമായുള്ള ഈ കൂട്ടായ്മയിൽ വീണ്ടെടുക്കപ്പെട്ട ദൈവജനത്തിന് മഹാ സന്തോഷം ഉണ്ടായി.

### ക്രിസ്തുവിന്റെ മഹത്വമേറിയ വേല

നമ്മുടെ കർത്താവ് ഭരമേറ്റതായ വേല നമുക്കുവേണ്ടി അവിടുന്ന് പൂർത്തിയാക്കി. അവിടുന്ന് തന്നെത്താൻ താഴ്ത്തി ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായിത്തീർന്നു. പാപജഡത്തിന്റെ സാദൃശ്യത്തിലായി, കാരണം നമ്മുടെ വേലയിൽ നാം തികച്ചും പരാജിതരായിത്തീർന്നു. നമുക്കുവേണ്ടി മറ്റൊരുവൻ വീണ്ടെടുപ്പിന്റെ വേല ഏറ്റെടുത്തു ചെയ്യുവാൻ തക്കവണ്ണം നമ്മുടെ പ്രവൃത്തി പരാജയപ്പെടുവാൻ ഇടയായി. ആ വേല താൻ ഏറ്റെടുത്തു, നമുക്കുവേണ്ടി ആ ഒരുവൻ ആയിത്തീർന്നു. അവിടുത്തെ വേല എന്തായിരുന്നു! എത്രത്യാഗം! എത്ര താഴ്മ! എത്ര ഭാരം എത്ര കഷ്ടതയുടെയും വേദനയുടെതുമായിരുന്നു ആ ജീവിതം, മരണവേദന അനുഭവിക്കുവാനിടയായി. കാൽവരി ക്രൂശുവരെയും അവിടുന്ന് നമ്മുടെ ഭാരങ്ങളെ ചുമന്നു, ക്രൂശിൽ താൻ വഹിച്ചു, നാം ഇനിയൊരിക്കലും ഭാരപ്പെടാത വണ്ണം തന്റെ പിതാവിന്റെ നീതിയുടെ കോപം.

അതെ, അവിടുന്നു നമുക്കുവേണ്ടി ചെയ്യാത്തതായി എന്താണുള്ളത്? നമ്മുടെ പാപങ്ങളെ, അവിടുന്ന് സമുദ്രത്തിന്റെ ആഴങ്ങളിൽ ഇട്ടുകളഞ്ഞു. നാം കുടിക്കേണ്ട പാനപാത്രം അവിടുന്ന് നമുക്കു വേണ്ടി കുടിച്ചു തീർത്തു. അല്പം പോലും ബാക്കി വയ്ക്കാതെ അത് നമുക്കുവേണ്ടി കുടിച്ചു തീർത്തു. അവിടുന്ന് ന്യായപ്രാണത്തിന്റെ ശാപത്തിൽ നിന്നും നമ്മെ വീണ്ടെടുത്തു, നമുക്കുവേണ്ടി അവിടുന്ന് ശാപമായിത്തീർന്നു. അവിടുന്ന് നമ്മുടെ അതിക്രമങ്ങൾക്ക് പരിഹാരം വരുത്തി, നമ്മുടെ പാപങ്ങളെ അവിടുന്ന് വഹിച്ചു, നിത്യനീതി നടപ്പാക്കി, തന്റെ പിതാവിന്റെ സിംഹാസനത്തിലേക്ക് പോയി, പിതാവിന് തന്നെത്താൻ അർപ്പിച്ചു, എല്ലാറ്റെയും നമുക്ക് നല്ലതും സുരക്ഷിതവും ആക്കി, തന്നോടൊപ്പം ഇരിക്കുമാറാക്കി. അതെ, പ്രിയ സഹോദരന്മാരേ, ക്രിസ്തുവിന്റെ വ്യക്തിത്വവും

(ശേഷം 2-ാംപേജിൽ)

(1-ാംപേജിന്റെ തുടർച്ച)

**ക്രിസ്തുവിൽ നിങ്ങളിൽ**

പൂർത്തീകരിക്കപ്പെട്ടവേലയും നമ്മുടെ പ്രത്യാശയുടെ തൂണുകളാണ്. അവിടുന്ന് എന്താണെന്ന് എനിക്ക് ചിന്തിപ്പാൻ കഴിയില്ല, അവിടുന്ന് എന്ത് ചെയ്തു. അവിടുന്ന് എന്ത് ചെയ്യുന്നു, അവിടുന്ന് എനിക്കുവേണ്ടി എന്തു ചെയ്യും, വാക്കും ഭാഷണവും കൂടാതെ പറയും, "അവിടുന്നു എന്റെ രക്ഷയും എന്റെ എല്ലാവിധ ആഗ്രഹവുമാണ്.

**ക്രിസ്തുവിന്റെ അധികാരം**

എന്റെ സഹോദരന്മാരേ, അവിടുത്തെ അധികാരങ്ങൾ ഉന്നത നിലയിൽ ക്രമീകരിച്ചിരിക്കുന്നു. ക്രിസ്തു ഒരു പ്രവാചകനാണോ? പുരോഹിതനാണോ? രാജാവാണോ? അവിടുന്ന് നമ്മുടെ സ്നേഹിതനാണോ? അവിടുന്ന് നമ്മുടെ തലയാണോ? എല്ലാ വഴിയിലും എല്ലായിടത്തും നമ്മുടെ ഇടപെടലുകളുടെ വലിയ ഭാരം അവിടുത്തെ മേൽ വച്ചു കൊൾക, അവിടുന്ന് നമുക്ക് ഏല്ലാറ്റിനും എല്ലാമാകുന്നു.

നമ്മുടെ മാധുര്യമേറിയ ചിന്തകളിൽ, അവിടുന്ന് നമ്മുടെ പ്രതിനിധിയാണ്. ദൈവം നമ്മുടെ നായകൻ എന്ന് നാം അറിയുന്നില്ലയോ, നിത്യതയ്ക്കുവേണ്ടിയുള്ള എല്ലാ നമ്മുടെ ഇടപെടലുകളിലും അവിടുന്ന് നമ്മോടുകൂടെയില്ലയോ? ആദാം തന്റെ കുലത്തിന്റെ നിലനില്പിനു വേണ്ടി പ്രവർത്തിച്ചപ്പോൾ അവിടുന്ന് നമ്മോടുകൂടെ നിന്നു. ഞാൻ എന്നെത്തന്നെ തെറ്റുതിരിത്തുയപ്പോൾ, എന്നോടുകൂടെയുണ്ടായിരുന്നു, ഞാൻ അവിടുത്തെ പാദങ്ങളിൽ വീണു. അതുകൊണ്ട് ഇപ്പോൾ രണ്ടാമത്തെ ആദം, തന്റെ ജനത്തെ തന്നോടുകൂടെ എടുത്തുകൊണ്ട് അവർക്കു വേണ്ടി നിന്നു, അവർക്കുവേണ്ടിയുള്ള തന്റെ ഉടമ്പടിയെ കാത്തു, സകലവും ആജ്ഞാപിച്ചു ഉറപ്പാക്കി, ഓരോ അനുഗ്രഹങ്ങളും തന്റെ മക്കൾക്ക് വേണ്ടി നൽകി. വിശ്വാസികൾക്ക് ഉടമ്പടി ചെയ്തിരിക്കുന്ന അവകാശത്തെ അവകാശമാക്കി, കാരണം യേശു അവരെ പ്രതിനിധീകരിക്കുന്നു, ദൈവത്തിന്റെ നോട്ടത്തിൽ അവർക്കുള്ള അവകാശം പ്രാപിച്ചിരിക്കുന്നു.

ക്രിസ്തു എന്തെല്ലാം ആയിരിക്കുന്നുവോ, തന്റെ ജനവും അവയിൽ ആയിരിക്കുന്നു. അവർ തന്നോടുകൂടെ ക്രൂശീകരിക്കപ്പെട്ടിരിക്കുന്നു, അവർ തന്നോടുകൂടെ മരിച്ചിരിക്കുന്നു, തന്നോടുകൂടെ അടക്കപ്പെട്ടിരിക്കുന്നു, തന്നോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു. തന്നോടുകൂടെ നിത്യമായി ജീവിക്കുന്നു, അവർ തന്നോടുകൂടെ മഹത്വത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു. "ക്രിസ്തുയേശുവിൽ അവ

**കർത്താവിൽ പ്രിയരേ,**

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

2025 സെപ്റ്റംബർ മാസം നമ്മെ വിട്ട് കടന്നു പോയി ഒക്ടോബർ മാസത്തിലേക്ക് നാം കടന്നിരിക്കുന്നു.

"ആകയാൽ യിസ്രായേലേ നിനക്കു നന്നായിരിക്കേണ്ടതിനും നിന്റെ പിതാക്കന്മാരുടെ ദൈവമായ യഹോവ നിന്നോട് അരുളിചെയ്തതുപോലെ പാലും തേനും ഒഴുകുന്ന ദേശത്ത് നിങ്ങൾ ഏറ്റവും വർദ്ധിക്കേണ്ടതിനും നീ കേട്ട് ജാഗ്രതയോടെ അനുസരിച്ച് നടക്ക. യിസ്രായേലേ കേൾക്ക യഹോവ നമ്മുടെ ദൈവമാകുന്നു. യഹോവ ഏകൻ തന്നെ. നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണശക്തിയോടും കൂടെ സനേഹിക്കേണം. ഇന്നു ഞാൻ നിന്നോടു കല്പിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം. നീ അവയെ നിന്റെ ഹൃദയത്തിൽ ഇരിക്കേണം". (ആവർ.6: 3 - 6)

കർത്താവിൽ വിശ്വസിക്കുന്ന തന്റെ ജനത്തെ ശത്രുവിന്റെ സകല ആക്രമണങ്ങളിൽ നിന്നും വിടുവിക്കുവാൻ അവിടുന്നു മതിയായവനാണ്. നമ്മുടെ ജീവിതത്തിൽ നമ്മുടെ വീട്ടിലും നമ്മുടെ സമൂഹത്തിലും അനുഗ്രഹിക്കപ്പെട്ടവരായി ജീവിക്കുവാൻ കർത്താവ് നിങ്ങൾക്കു കൃപ നൽകട്ടെ. ദൈവം വിശ്വസ്തനാണ്. ദൈവം തന്റെ വാഗ്ദത്തങ്ങളിൽ വിശ്വസ്തനായിരിക്കുന്നു. നമ്മുടെ കർത്താവ് സർവ്വശക്തനായ ദൈവമാണ് എന്ന് വിശ്വസിച്ച് മറ്റുള്ളവരോട് നമുക്ക് ക്രിസ്തുവിനെക്കുറിച്ച് പറയാം .

മുഴങ്കാലിന്മേൽ നിന്ന് പ്രാർത്ഥിക്കുകയും കരയുകയും ചെയ്യുന്നവരെ പിന്തിരിപ്പിക്കുവാൻ പിശാച് അവന്റെ സർവ്വശക്തിയും ഉപയോഗിച്ച് പോരാടിക്കൊണ്ടിരിക്കുന്നു. ദൈവത്തെ സ്നേഹിച്ച് രാപകലില്ലാതെ വേല ചെയ്യുക. അതുകൊണ്ട് നമുക്ക് പ്രകാശിക്കാം. നക്ഷത്രങ്ങളായി തന്നെ ശോഭിക്കാം.

കർത്താവ് തന്റെ മണവാട്ടിയെ ചേർക്കുവാൻ വാനമേഘത്തിൽ വരുമ്പോൾ അവനോടുകൂടെ ചേർക്കപ്പെടുവാൻ വിശുദ്ധിയോടും വേർപാടോടും കൂടെ ജീവിക്കാം. അതിനു ഈ നാളുകളിൽ ദൈവം കൃപ നൽകട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം


# ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
ഒൗദ്യ: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
**E-mail:bindhum1971@yahoo.in**


മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

(2-ാംപേജിന്റെ തുടർച്ച)

**ക്രിസ്തുവിൽ നിങ്ങളിൽ**

നോടുകടെ ഉയിർപ്പിച്ച് സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു” (എഫെ. 2:7). അവനിൽ നമ്മെ, സ്നേഹത്തിൽ നമ്മെ മുന്നിയിമിക്കയും ചെയ്തു”. ഇപ്പോഴും, എന്നേയ്ക്കും സുവിശേഷത്തിൽ ഇരുത്തുകയും ചെയ്തു സുവിശേഷത്തിന്റെ കാതലായ ആശയം ഇതാണ്. ക്രിസ്തുവിനെ പ്രസംഗിക്കുന്നവൻ സുവിശേഷം പ്രസംഗിക്കുന്നു. ക്രിസ്തുവിനെ പ്രസംഗിക്കാത്തവൻ സുവിശേഷം പ്രസംഗിക്കുന്നില്ല. ക്രിസ്തുവിനെ കൂടാതെയുള്ള സുവിശേഷ പ്രസംഗം, സൂര്യനില്ലാത്ത പകൽ പോലെയാണ് അഥവാ വെള്ളമില്ലാത്ത നദിപോലെയാണ്. ക്രിസ്തുവില്ലാത്ത ജീവിതം, ആത്മാവ്, സാരാംശം, സുവിശേഷത്തിന്റെ മർമ്മം ശൂന്യമാണ്.

**ക്രിസ്തു താൻ തന്നെ**

ക്രിസ്തു, താൻ തന്നെ വീണ്ടും ഞാൻ പറയുന്നു, വേറെ ആരുമില്ല. ഞാൻ കുറച്ചു മുന്നോട്ടു പോകുന്നു. ക്രിസ്തു താൻ ആയിരിക്കുന്നതുപോലെ, വേറെ ആരുമില്ല, ക്രിസ്തു തരുന്നതല്ലാതെ മറ്റൊന്നുമില്ല. നമുക്കുള്ള എല്ലാ സ്നേഹിതരെക്കാളും സഹായികളെക്കാളും വ്യത്യസ്തനാണ് ക്രിസ്തു. അവർ നല്ല കാര്യങ്ങൾ കൊണ്ടുവരുന്നു, എന്നാൽ യേശു തന്നെത്തന്നെ നമുക്കു തരുന്നു. അവിടുന്ന് കേവലം ജ്ഞാനമോ, നീതിയോ, വിശുദ്ധീകരണമോ, വീണ്ടെടുപ്പോ മാത്രമല്ല തരുന്നത്, എന്നാൽ ക്രിസ്തുവിൽ എല്ലാം നമുക്കു തരുന്നു. അവിടുത്തെ കൂടാതെ നമുക്കു ഒന്നും ചെയ്വാൻ കഴിയുകയില്ല.

നാം ക്രിസ്തുവിനാൽ എത്രത്തോളം നിറയപ്പെടുമോ അത്രത്തോളം നാം നമ്മുടെ ശൂന്യതയെക്കുറിച്ച് ബോധവാന്മാരാകും. എത്രത്തോളം നാം ദൈവത്തെ അറിയുമോ അത്രത്തോളം പിന്നെയും അറിവാനുള്ള വാഞ്ച നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്നു. പൗലൊസ്, ഫിലിപ്പിയർക്ക് ലേഖനം എഴുതുമ്പോൾ, അനേക വർഷങ്ങളായി ക്രിസ്ത്യാനികൾ കൂടെയുണ്ടെങ്കിലും താൻ പറയുന്നത്, “ഞാൻ ക്രിസ്തുവിനെ അറിയേണ്ടതിന് ” (ഫിലി. 3:10). എന്നാണ്. അതെ, പൗലോസേ, ഇതുവരേയും നീ ക്രിസ്തുവിനെ അറിഞ്ഞിട്ടില്ലേ? അതെ, താൻ പറയുന്നു, എന്നാൽ താൻ പറയുന്നു ഇല്ല ദൈവത്തിന്റെ സ്നേഹം താൻ അറിഞ്ഞു, എന്നാൽ തന്നെക്കുറിച്ചു അറിയുന്തോറും വാഞ്ചയേറുന്നു. “ എല്ലാ നദികളും സമുദ്രത്തിലേക്ക് ഒഴുകി വീഴു ന്നു; എന്നിട്ടും സമുദ്രം നിറയുന്നില്ല” (സഭാ പ്രസംഗി 1:7). ഇത് മാത്രമല്ല, ഇനിയും പറവാനുണ്ട്. കൃപയുടെയും സ്നേഹത്തിന്റെയും അനുഗ്രഹങ്ങളുടെയും അരുവികളുടെ ഒഴുക്കുകൾ നമ്മുടെ ഹൃദയത്തിലേക്ക് ഒഴുകുന്നു. നാം നിറവു പ്രാപിക്കുന്നു, എങ്കിലും കൂടുതൽ നിറവിനായി നാം കാത്തിരിക്കുന്നു. അങ്ങയുടെ വരങ്ങൾ അല്ല, കർത്താവേ, അവിടുന്ന് തന്നെ. അവിടുന്ന് ഞങ്ങളുടെ ഹൃദയത്തിന്റെ ആഗ്രഹം ആകുന്നു.

**ഈ മർമ്മത്തിന്റെ മാധുര്യം അത് നിങ്ങളിൽ ഇരിക്കുന്ന ക്രിസ്തുവത്രേ**

ക്രിസ്തു ഉള്ള ഹൃദയം വളരെ വിലപ്പെട്ടത്. ഇവിടെ ഇതാ കൊഴുത്തതും പുഷ്ടിയുള്ളതും. ക്രിസ്തു നമുക്ക് സുരക്ഷിതവും ശാന്തതയും തരുന്നു. ക്രിസ്തു നിങ്ങളുടെ വീട്ടിൽ, ക്രിസ്തു നിങ്ങളുടെ ഹൃദയത്തിൽ ക്രിസ്തു നിങ്ങളിൽ അത് നമുക്ക് മാധുര്യം തരുന്നു.

ക്രിസ്തു നിങ്ങളിൽ അതായത്, ഒന്നാമതായി, ക്രിസ്തു വിശ്വാസത്താൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഇത് അത്ഭുത കാര്യമല്ല, ക്രിസ്തു നിങ്ങളിൽ പ്രവേശിച്ചിരിക്കുന്നുവോ? അതെ, എന്നാൽ അത്ഭുതകരമായ ഒരു കാര്യം നിങ്ങളോടു പറയാം, അതായത്, നമ്മുടെ വിശ്വാസമാകുന്ന ചെറിയ ഇടുങ്ങിയ വഴിയിലൂടെ അകത്ത് പ്രവേശിക്കുന്നു. അവിടെ സൂര്യനുണ്ട്, എനിക്കറിഞ്ഞുകൂടാ ഭൂമിയെക്കാൾ എത്ര ആയിരം ഇരട്ടി വലിപ്പമാണ് സൂര്യനു ഉള്ളതെങ്കിലും, അടച്ചിട്ടിരിക്കുന്ന ചെറിയ മുറിക്കകത്തേക്ക് ചെറിയ വിള്ളലിലൂടെ എത്താറുണ്ട്. വാതിലുകളും ജനലുകളും അടച്ചിട്ടിരുന്നാലും ചെറിയ വിടവിലൂടെ അത് പ്രവേശിക്കുന്നു. ഒരു ചെറിയ

(ശേഷം 4-ാം പേജിൽ)

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| **അംഗീകരിക്കുക** | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)* |
| **പശ്ചാത്തപിക്കുക** | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)* |
| **ഏറ്റുപറയുക** | *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| **ഉപേക്ഷിക്കുക** | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| **ശുദ്ധീകരിപ്പെടുക** | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| **വിശ്വസിക്കുക** | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)* |
| **സമർപ്പിക്കുക** | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| **പ്രാപിച്ചെടുക്കുക** | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |
| **സ്നാനം ഏൽക്കുക** | *വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)* |

(3-ാംപേജിന്റെ തുടർച്ച)

**ക്രിസ്തുവിൽ നിങ്ങളിൽ**

വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ക്രിസ്തുവിന് നമ്മുടെ ഉള്ളിലേക്ക് പ്രവേശിപ്പാൻ കഴിയും. ഒരു ചെറിയ ഉറപ്പിൻമേൽ. നിങ്ങൾ ഒരു പാവപ്പെട്ട വിശ്വാസിയാണെങ്കിൽ ഉറപ്പും വിശ്വാസവും ഉണ്ടെങ്കിൽ, കർത്താവിൽ ആശ്രയിക്കും എങ്കിൽ, സൂര്യൻ ഒരു ചെറിയ വിടവിലൂടെ പ്രവേശിക്കുന്നതുപോലെ ക്രിസ്തു വിശ്വാസം ചെറിയ വിടവിലൂടെ നിങ്ങളുടെ ഉള്ളിലേക്ക് പ്രവേശിക്കും. എത്ര ബുദ്ധിപരമാണ് നിങ്ങളുടെ ഭാഗം, ഒരു ചെറിയ വിടവിലൂടെ നിങ്ങളുടെ കർത്താവിന്റെ സൂര്യപ്രഭയുള്ള മുഖം നിങ്ങൾക്ക് കാണുവാൻ കഴിയും എങ്കിൽ, ഇങ്ങനെ പറയും, “ ഞാൻ കേവലം ഈ ചെറിയ വെളിച്ചങ്ങളിൽ തൃപ്തിപ്പെടുന്നില്ല. ഞാൻ സന്തോഷത്തോടെ അവിടുത്തെ വലിയ വെളിച്ചത്തിൽ നടക്കും. ഞാൻ ആ അന്ധകാരത്തെ തള്ളുന്നു. ആ സ്വർഗ്ഗീയ പ്രകാശം എന്നിൽ പ്രകാശിക്കട്ടെ, ആ വലിയ മഹത്വത്തിൽ ഞാൻ സന്തോഷിക്കട്ടെ. വിശ്വാസത്തിൽ വളരുക, ദൈവശക്തി പ്രാപിക്ക, അന്തരാത്മാവിൽ പരിശുദ്ധാത്മാവിനാൽ ക്രിസ്തുവിനെ പ്രാപിക്ക, വിശ്വാസത്താൽ മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തുവിനെ ഏറ്റുകൊള്ളുക.

ഇതിന് മറ്റൊരു അർത്ഥം കൂടെയുണ്ട്. ക്രിസ്തുവിനെ അവിടുത്തെ എല്ലാശക്തിയിലും അനുഭവിക്ക. ഇത് വേദനകളെ അകറ്റുന്ന വിലയേറിയ ഔഷധമാണ്. സകല രോഗങ്ങളേയും സൗഖ്യമാക്കുന്നു. നമ്മുടെ ഉള്ളിൽ ആകുന്നതു വരെ ഇതിനു നമ്മിൽ സ്വാധീനമില്ല. അത് നമ്മുടെ രക്തത്തെ ശുദ്ധീകരിക്കുന്നു. ശരീരാത്മ ദേഹികളെ ശക്തീകരിക്കുന്നു, മറ്റുള്ളവരോട് ഇത് സാക്ഷിക്കേണ്ടത് ആവശ്യമാണ്. ക്രിസ്തുവിനെ ജീവിതത്തിൽ ഏറ്റെടുക്കുക, പാപത്തിന് പരിഹാരം പ്രാപിക്കുക, ക്രിസ്തു നിങ്ങളെ സ്നേഹവും വിശുദ്ധിയും കൊണ്ട് നിറയ്ക്കും, നിങ്ങളുടെ ഹൃദയങ്ങളെ സമാധാനത്തോടെ കാക്കും, സ്വർഗ്ഗീയ ആനന്ദംകൊണ്ട് നിറയ്ക്കും. അപ്പോൾ നാം കർത്താവ് ആരെന്ന് അറിയും. ക്രിസ്തുവിനെ വിശ്വസിക്കുക, ക്രിസ്തുവിനെ പ്രാപിക്കുക, ക്രിസ്തുവിനെ അനുഭവിക്കുക, ക്രസ്തുവിൽ ആകുക.

മാത്രമല്ല, ക്രിസ്തു നമ്മിൽ എന്നു പറഞ്ഞാൽ , ക്രിസ്തു നമ്മെ ഭരിക്കുന്നു എന്നാണ്. ക്രിസ്തു നമ്മിൽ എന്നു പറഞ്ഞാൽ ഒരു രാജകീയ വചനം ആണ്. നിങ്ങളുടെ ഉള്ളിൽ നിന്നും രാജകോലാഹലം പുറപ്പെടുന്നു. ഓരോ അവയവങ്ങൾക്കും ശക്തി, ആഗ്രഹിക്കുക, പ്രാപിക്കുക, ഓരോ ചിന്തകളെയും നാം അവിടുത്തെ അടിമത്വത്തിൽ കൊണ്ടുവരിക. അതെ, ഇത് മഹത്വകരമായ ആരംഭം, ഇത് സ്വർഗ്ഗത്തിന്റെ ആപ്തവാക്യം, അതെ, യേശുവിന്റെ രാജകീയ അധികാരം, അവിടുത്തെ വഴിയിൽ ഇത് സമ്പൂർണ്ണ സ്വാതന്ത്ര്യം.

അതെ, ക്രിസ്തു നിങ്ങളിൽ എന്നു പറഞ്ഞാൽ ക്രിസ്തു നിങ്ങളെ നിറയ്ക്കും എന്നാണ്. ഇത് അത്ഭുതകരമാണ്, ക്രിസ്തു ഒരിക്കൽ ഒരു വ്യക്തിയിൽ പ്രവേശിച്ചു കഴിഞ്ഞാൽ എത്രത്തോളം നിറയും എന്നു നോക്കാം. ഒരു മനുഷ്യൻ തന്റെ തോട്ടത്തിൽ കാട്ടു ചെടികൾ നട്ടു, അതിൽ വ്യത്യസ്തമായ കാട്ടു പൂക്കൾ അല്ലേ പൂക്കുന്നത്? തന്റെ നല്ല തോട്ടത്തിൽ ഒരു കൈ നിറയെ വിത്തുകൾ വിതെച്ചു. എന്നിട്ട് വീട്ടിലേക്ക് പോയി. താൻ ഉറങ്ങി എഴുന്നേറ്റ് തന്റെ തോട്ടത്തിൽ വന്ന് കണ്ട കാഴ്ച തന്നെ അത്ഭുതപ്പെടുത്തി. അദ്ദേഹം ചെറിയ പൂക്കൾ പൂത്തിരിക്കുന്നത് കണ്ടു. താൻ വിചാരിച്ചത് ആ ചെടി തോട്ടം മുഴുവനും നിറയും എന്നാണ്. എന്നാൽ അത്, മറ്റെല്ലാ ചെടികളേയും നിഷ്പ്രഭമാക്കി തോട്ടത്തിന്റെ നെടുകെയും കുറുകെയും വളർന്നു. കാണ്മാൻ നല്ല ഭംഗിയും നല്ല സൗരഭ്യം നിറഞ്ഞതുമായിരുന്നു. ക്രിസ്തുവാണ് ആ പറയപ്പെട്ട ചെടി. നിങ്ങളുടെ ആത്മാവിന്റെ നല്ല മണ്ണിൽ അവന് വിതെക്കപ്പെടുന്നു എങ്കിൽ അത് നന്നായി വളർന്ന് പൂക്കളും ഫലങ്ങളും തരും.

ഈ ക്രിസ്തുവിനെ നിങ്ങൾ കൈക്കൊണ്ടാൽ അത് നിങ്ങളെ അത്ഭുതകരമായി രൂപാന്തരപ്പെടുത്തും. ഒരു കഷണം ഇരുമ്പ് എടുക്കുക, തീ അതിൽ പ്രവേശിക്കുന്നതിനുവേണ്ടി അതിനെ വയ്ക്കുക. നോക്കുക, ഇരുമ്പ് തീ പോലെയായി. ഇരുമ്പ് തീയുമായി ഒരു വ്യത്യാസവുമില്ല. മോശെ തന്റെ കാലിലെ ചെരുപ്പു അഴിക്കാനിടയായ ആ മുളളുകൾ കത്തുന്നത് ശ്രദ്ധിക്കുക. പച്ചയായതൊന്നും വെന്തുപോകുന്നില്ല, എന്നാൽ ചെടികളെ രൂപാന്തരപ്പെടുത്തി. ഉണങ്ങിയതിനെ കത്തിച്ചു ശുദ്ധിയാക്കി. ക്രിസ്തു ഉള്ളിൽ വരുമ്പോൾ ഇതുപോലെയാണ്. പൗലൊസ് പറയുന്നു, “ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു ” (ഗല. 2:20). യേശു നമ്മെ പൂർണ്ണമായി ശുദ്ധീകരിക്കുന്നു, ആത്മാവ്, ദേഹം ദേഹിയെയും നിറച്ച് മുകളിൽ പറഞ്ഞതുപോലെ പൂർണ്ണതയിൽ എത്തിക്കുന്നു.

ക്രിസ്തു നിങ്ങളിൽ എങ്ങനെ എനിക്കു വിവരിപ്പാൻ കഴിയും? ഞാൻ വെറും ഒട്ടിക്കുവാനുള്ള കൊമ്പും അവിടുന്ന് ജീവിക്കുന്ന ശക്തമായ തായ് തടിയും ആകുന്നു. നാം അവിടുത്തോട് ചേർത്തു സ്ഥാപിച്ചിരിക്കുന്നു, ഒട്ടിച്ചിരിക്കുന്നു, മുദ്രയിട്ടിരിക്കുന്നു, പുതിയ കൊമ്പും പഴയമരവുമായി വ്യത്യാസം ഒന്നുമില്ല, ഒടുവിൽ ആ മരത്തിലേക്ക് കറ ഒഴുകുന്നു, അങ്ങനെ മരവും കൊമ്പുമായി ഒന്നാകുന്നു. ക്രിസ്തു ഉള്ളിൽ പ്രവേശിച്ചു ജീവൻ എങ്ങനെ ഉണ്ടാകുന്നു എന്ന് മനസ്സിലാക്കി.

ക്രിസ്തു നിങ്ങളിൽ എന്നാൽ ശക്തി നിങ്ങളിൽ എന്നാണർത്ഥം. ശക്തനായ ഒരു മനുഷ്യൻ തന്റെ വീടിനെ കാവൽ ചെയ്യുന്നു, അവനെക്കാൾ ബലവാനായവൻ വരുന്നതുവരെ, ബലവാനായവൻ വന്ന് തന്റെ ബലത്താൽ ഒന്നാമനെ പുറത്താക്കുന്നു, ഭവനത്തിന്റെ കാവൽ താൻ ഏറ്റെടുക്കുന്നു. ക്രിസ്തു ബലവാൻ ആകുന്നു, അധികാരങ്ങളുടമേൽ ശക്തിയുടമേൽ വിജയം കൈവരിക്കുന്നു.

ക്രിസ്തു നിങ്ങളിൽ, അതെ, എത്ര സന്തോഷകരം മണവാളൻ നമ്മോടുകൂടെ നാം ഉപവസിക്കേണ്ട. രാജാവ് നമ്മോടുകൂടെ നുക്ക് സന്തോഷമുണ്ട്. രാജാവ് ഒരു ചന്തയിൽ പോയാൽ താൻ പറഞ്ഞിട്ടു പോകും, ക്ഷാമമുള്ള പട്ടണം ഇപ്പോൾ ധനവാന്മാരുടെ പട്ടണം ആയി. കർത്താവ് വന്ന് നമ്മുടെ ഹൃദയങ്ങളിൽ വസിച്ചാൽ, നമ്മുടെ ആത്മീക ക്ഷാമങ്ങളൊക്കെയും മാറി പെട്ടെന്ന് ആത്മീക സമ്പത്തിന്റെ ഉടമയായിത്തീരും.

**അവിടുത്തെ മഹത്വമുള്ള സാന്നിദ്ധ്യത്തെ സ്വാഗതം ചെയ്യാം.**

ക്രിസ്തു നിങ്ങളിൽ എത്ര അത്ഭുതമാണിത്, ക്രിസ്തു വന്നു നമ്മോടുകൂടെ പാർക്കുന്നത്. “ വാതിലുകളേ നിങ്ങളുടെ തലകളെ ഉയർത്തുവിൻ; പണ്ടേയുള്ള കതകുകളേ ഉയർന്നിരിപ്പിൻ; മഹത്വ

(ശേഷം 5-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

**ക്രിസ്തു നിങ്ങളിൽ**

ത്തിന്റെ രാജാവ് പ്രവേശിക്കട്ടെ” (സങ്കീ. 24:9). തന്റെ പ്രവേശനം കൊണ്ടുവരുന്ന ബഹുമാനം കാണുക. തന്റെ പാദം ചവിട്ടുന്ന സ്ഥലം അനുഗ്രഹിക്കപ്പെട്ടതാണ്. യേശു നിങ്ങളുടെ ഉള്ളിലേക്ക് പ്രവേശിച്ചാൽ, തന്റെ മഹത്വം കൂടെ വസിക്കും, ബഹുമാനം മഹത്വവും അമർത്യത, സ്വർഗ്ഗം, തുടങ്ങിയ എല്ലാവിധമായ അനുഗ്രഹങ്ങളും കൂടെ വാഴും.

അതെ, ഒരുകാര്യം പറയുക, അവിടുന്ന് വന്ന് എന്നിൽ വസിക്കേണമേ. എന്നിട്ട് താഴ്മയോടിരിക്കുക, ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്, തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവമേ നീ നിരസിക്കയില്ല. അടുത്തതായി, ശുദ്ധിയായിരിക്കേണം. കുറച്ചുകൂടെ പ്രാധാന്യമുള്ള കാര്യം എന്നത് ക്രിസ്തു അവരിൽ ഉണ്ട് എന്നതാണ്. അടുത്തതായി, ഒഴിഞ്ഞിരിക്ക, സ്വയത്തിന്റെ അഹങ്കാരം ഉള്ളയിടത്തു ക്രിസ്തു വസിക്കയില്ല, അഹങ്കാരവും ജഡത്തിന്റെ സംതൃപ്തിയിലും ദൈവം വസിക്കുകയില്ല. ക്രിസ്തുവിൽ സന്തോഷിക്കുവാൻ ധാരാളമായി പഠിക്കുക, ക്രിസ്തുവിനെ അതിഥിയായി എല്ലായ്പ്പോഴും വീട്ടിൽ കൈക്കൊള്ളുക. ക്ഷണിക്കാത്തവന്റെ വീട്ടിൽ യേശു പോകയില്ല. സന്തോഷത്തോടെ ആഹ്വാനം ചെയ്യുന്നവന്റെ അടുക്കൽ കർത്താവ് പോകുന്നു. അതെ, ആഗ്രഹിക്കുക, ക്രിസ്തുവിൽ സന്തോഷിക്കുക. അവിടുത്തേക്കായി വിശപ്പുള്ളവരായിരിക്കുക, ദാഹിക്കുക, വാഞ്ചയോടെ കാത്തിരിക്കുന്നവരിൽ വസിക്കുന്നതിൽ ക്രിസ്തു സന്തോഷിക്കുന്നു. ഒരു ദാഹമുള്ള ജനം, അവന് വിലകല്പിക്കുന്ന ജനം അവിടുത്തെ കൂടാതെ നമുക്കു സന്തോഷിപ്പാൻ കഴിയുകയില്ല.

❖

## അന്താരാഷ്ട്ര ആഗമനദൂതന്റെ രണ്ട് മുൻ എഡിറ്റർമാർ കർത്താവിനോടുകൂടെ വിശ്രമത്തിനായി കടന്ന് പോയി

### നല്ലവനും വിശ്വസ്തനും ആയ ദാസനേ

അതിന് യജമാനൻ നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ, .....വിചാരകനാക്കും (മത്താ. 25:1)

ഈ വർഷമാദ്യം അന്താരാഷ്ട്ര ആഗമനദൂതന്റെ രണ്ട് പ്രിയപ്പെട്ടവർ, കൂട്ടുവേലക്കാർ - കാരൾഗ്രൂട്ട് ജൻ സ്കൂൾസ്, ആഗമനദൂതന്റെ റൊമാനിയൻ എഡിറ്റർ, സമീർ സാദിക്ക് അബ് സ്കിറോൺ, മുൻ അറബിക് ആഗമനദൂതന്റെ എഡിറ്റർ എന്നിവർ വേല തികച്ച് നിത്യതയിൽ ചേർക്കപ്പെട്ടു. രണ്ട് വിശുദ്ധന്മാരുടെ വിയോഗത്തിൽ ദു:ഖമുണ്ട് എങ്കിലും വേലതികച്ചു ദൈവത്തിന്റെ മഹത്വത്തിൽ ജീവിക്കുന്നു എന്നതിൽ സന്തോഷിക്കുന്നു. എന്നാൽ അവരുണ്ടാക്കിയ ആത്മീയ പ്രചോദനം ഞങ്ങളുടെ ജീവിതത്തിലും വായനക്കാരുടെ ജീവിതത്തിലും വളരെയാണ്.

ജീവിതത്തിലും ശുശ്രൂഷയിലും മാർഗ്ഗ ദീപമായിരുന്ന ദൈവദാസന്മാർക്ക് എക്കാലവും ഓർക്കുന്ന ഒരു ഫലകമോ അതുപോലൊരു പ്രവൃത്തിയോ ചെയ്യേണമെന്ന് ആഗ്രഹിക്കുന്നു. അവരുടെ ജീവിതം എല്ലാക്കാലത്തും ഓർക്കുവാനായി ചിലത് അവൻ വെച്ചേച്ചു പോയി, ദൈവത്തോടുള്ള അവരുടെ സ്നേഹം, ആത്മനിറവ്, വചനധ്യാനം, പ്രാർത്ഥനയിലെ വിശ്വസ്തത, മറ്റുള്ള നിർവ്യാജ സ്നേഹം എന്നിവ എല്ലാക്കാലത്തും നമ്മുടെ ജീവിതത്തിന് ഒരു മാതൃകയാണ്.

**കാരൾഗ്രൂട്ട് ജൻ സ്കൂൾസ്**
**1931 ഡിംസബർ 11 മുതൽ 2025 മെയ് 23**

2005-ൽ കാരൾ, അന്ന് അദ്ദേഹം റൊമാനിയയിൽ ഒരു മിഷനറിയായിരുന്നു, ആഗമനദൂതന്റെ ഒരു എഡിഷൻ റൊമാനിയൻ ഭാഷയിൽ ഉണ്ടാകണമെന്ന് അവർ ആഗ്രഹിച്ചു. 2006-ൽ ആദ്യം ആദ്യപ്രതി അച്ചടിച്ച് വിതരണം ചെയ്തു. ചില വർഷങ്ങൾക്ക് മുമ്പ് പ്രായാധിക്യവും അനാരോഗ്യവും മൂലം അമേരിക്കയിലേക്ക് തിരിച്ചുപോകും വരെ ആ ശുശ്രൂഷ ഭംഗിയായി ചെയ്തു.

വർഷങ്ങളായി, ധാരാളം സാക്ഷ്യങ്ങൾ വായനക്കാരിൽ നിന്നും അവർക്കുണ്ട്. ഉദാഹരണമായി, ഒരു വായനക്കാരൻ പങ്കുവച്ചത്, “മാസിക കൃത്യമായി ഞങ്ങൾക്ക് അയച്ചു തന്നു. ഇത് ഞങ്ങൾക്ക് അനുഗ്രഹമായിരുന്നു. അത് ദൈവത്തോടുകൂടെ നടക്കുവാൻ ഞങ്ങളെ ധൈര്യപ്പെടുത്തി, കൂടുതൽ കൂടുതൽ ദൈവത്തോട് അടുക്കുന്നതിന് സാധിച്ചു. കാരണം പർവ്വത സമമായ പ്രശ്നങ്ങൾ ഞങ്ങളെ വിട്ടു പോകുവാൻ പ്രാർത്ഥിക്കുന്നതിനും കാരണമാക്കി, കർത്താവിനോടുകൂടെ ജീവിപ്പാനും ഒരു ഉണർവ്വിനു വേണ്ടി പ്രാർത്ഥിപ്പാനും... ആളുകളുടെ ഹൃദയത്തിൽ വ്യക്തിപരമായും കൂട്ടായും ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടാളികളായിത്തീരുവാൻ ഇടയായി.

കാരൾ മറ്റൊരു സുവിശേഷപ്രതി കൂടെ അച്ചടിച്ചു വിതരണം ചെയ്തു. കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള കഥകളും വചനങ്ങളും നഷ്ടപ്പെട്ട പാപികളെ ക്രിസ്തുവിങ്കലേയ്ക്ക് നയിക്കുവാനുള്ള നല്ല വഴിയായി അവർ കണ്ടു. റൊമാനിയയിൽ എല്ലായിടത്തും കാരൾ -ന്റെ അനുഗ്രഹമായിത്തീർന്നു. പാപികളായ മനുഷ്യരുടെ രക്ഷയ്ക്കു കാരണമായിത്തീർന്നു. വിശ്വാസികൾ ആത്മീകാഭിവൃദ്ധി പ്രാപിപ്പാൻ കാരണമായി. ആഗമന ദൂതന്റെ പതിപ്പുകൾ അതിന് സഹായകമായിത്തീർന്നു.

റൊമാനിയയിലും ആളുകൾക്കുവേണ്ടിയുള്ള കാരൾ -ന്റെ കരുതലും അവർക്കുവേണ്ടിയുള്ള ആത്മാർത്ഥമായ പ്രവർത്തനങ്ങളും തന്റെ ശുശ്രൂഷക്കു തിളക്കമേറി. ഉദാഹരണമായി, ഞങ്ങൾക്കുള്ള ഒരു കത്തിൽ അവർ ഇങ്ങനെ എഴുതി, “ റൊമാനിയിലെ ആത്മാക്കൾക്കുവേണ്ടിയുള്ള കൊയ്ത്തിനുവേണ്ടി പ്രാർത്ഥിച്ചതിന് നന്ദി. ചിലർ ഇരുട്ടിൽ ഇരിക്കുന്നു, ചിലർ ക്ഷീണിതരായിരിക്കുന്നു, ദൈവത്തിനുവേണ്ടിയുള്ള ദാഹത്തിൽ ചിലർ ആയിരിക്കുന്നു, ചിലർ വെളിച്ചത്തിനുവേണ്ടി ദാഹവും വാഞ്ചയുമുള്ളവരായിരിക്കുന്നു. യുവാക്കളും പ്രായമുള്ളവരും പ്രത്യേകിച്ചു അനേകകുഞ്ഞുങ്ങളും ലഹരിക്കടിമകളായി ജയിലിലടക്കപ്പെട്ടവരായിരിക്കുന്നു, ആശ്രയത്തിനു വേണ്ടി കേഴുന്നു, രോഗികളും ക്ഷീണിതരുമായിരിക്കുന്നു, ദൈവത്തിൽ ആശ്രയിപ്പാൻ ആളുകൾക്ക് ആഗ്രഹമുണ്ട്. അവർ പറയുന്നു, ദൈവം ഞങ്ങൾക്ക് വിടുതൽ തരും. കലക്കവും അന്ധകാരവും ജീവിതത്തിലുണ്ട്. സ്നേഹത്തോടും വ്യക്തിപരമായും യേശു ജീവിതത്തിൽ വരുമ്പോൾ തന്റെ വിടുതലും, വെളിച്ചവും തന്റെ കൃപയും അടിമകൾ സ്വതന്ത്രമാക്കപ്പെടുകയും ചെയ്യുന്നു”.

കാരൾ സഹപ്രവർത്തകർക്ക് ഒരു വലിയ അനു

(ശേഷം 6-ാം പേജിൽ)

**(5-ാംപേജിന്റെ തുടർച്ച)**

**അന്താരാഷ്ട്ര ആഗമനദൂതന്റെ രണ്ട് മുൻ ..... കടന്ന് പോയി**

ഗ്രഹമായിരുന്നു. അവരുടെ ഇടപെടലും, പ്രാർത്ഥനയും, സന്ദർശനവും, അവർക്കനുഗ്രഹമായിരുന്നു. അവരുടെ ആത്മനിറവും സംസാരവും അവർക്ക് ആത്മീക ഉത്തേജകം ആയിരുന്നു. ഞങ്ങൾക്കു വന്നിട്ടുള്ള ചില ഇ-മെയിൽ സന്ദേശങ്ങളിവിടെയുണ്ട്, അതിൽ അവരുടെ ഹൃദയ വിശാലതയും ദൈവവചനവും പ്രാർത്ഥനയും ശുശ്രൂഷകളും വ്യത്യാസമാണ്.

" കർത്താവായ യേശുക്രിസ്തുവിന്റെ തുടർച്ചയായ പ്രകാശത്തിന്റെ നിറവുകൾ നിങ്ങളെ ധാരാളമായി അനുഗ്രഹിക്കുമാറാകട്ടെ. നമ്മുടെ ദൈവം എത്ര വലിയവൻ. നമ്മുടെ രാജാവിന്റെ സഹപ്രവർത്തകരായ നിങ്ങൾക്കുവേണ്ടി ഞാൻ എപ്പോഴും പ്രാർത്ഥിച്ച് സ്തോത്രം ചെയ്യുന്നു, നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്വാൻ കഴിയുന്നവൻ!

" ദൈവത്തോടുകൂടെ ദൈവവചന വായനയിലും പ്രാർത്ഥനയിലും ഒരു ശാന്തമായ സ്ഥലത്ത്, ജാഗ്രതയോടിരിക്കുക, ഈ ദിവസങ്ങളിൽ ലോകവ്യാപകമായ ഉണർവ്വിനും ആത്മാക്കൾ കൂട്ടം കൂട്ടമായി രക്ഷിക്കപ്പെടേണ്ടതിനും, അവിടുത്തെ കൃപ പിന്നെയും പിന്നെയും നമ്മുടെമേൽ പകരപ്പെടേണ്ടതിനും പ്രാർത്ഥിക്കുക. ഞാൻ ആയിരിക്കുന്ന ഈ സ്ഥലത്ത് പൂർണ്ണ ജാഗ്രതയോടിരിപ്പാനും ദൈവത്തിന്റെ മഹത്വത്തിനായിരിപ്പാനും എന്നെ ഏല്പിക്കുന്നു.

തുടർന്നുള്ള അവരുടെ ജീവിത കഥകളും അവരുടെ ഉൾക്കാഴ്ചയുടെ ജീവിതവും അവരുടെ ഓർമ്മക്കുറിപ്പുകളിൽ വിവരിക്കുന്നു.

അവരുടെ ജീവിതം മറ്റുള്ളവർക്കുവേണ്ടി മാറ്റി വച്ച ഒരു ജീവിതമായിരുന്നു. യുവാക്കളെ വചനം പഠിപ്പിച്ചു, ഒരു സ്കൂളിൽ പഠിപ്പിച്ചു, ഒരു സംഘടനയോട് ചേർന്ന് വിസ്കോസിൽ യൂണിവേഴ്സിറ്റിയിലെ ഒരു അംഗമായിരുന്നു. കാരുണ്യത്തെ പിൻതുടർന്ന് ജയിലിൽ സന്ദർശനങ്ങൾ നടത്തി, സ്കൂളുകളെ അവർ സഹായിച്ചു, സഭകളെ സംഘടനാ വ്യത്യാസം ഇല്ലാതെ സഹായിച്ചു.

" കാരൾ ഒരു നിസ്വർത്ഥ സേവനങ്ങൾ ചെയ്ത വ്യക്തിയായിരുന്നു, അവരുടേതായ ഒരു വിഷയവും അവർ സംസാരിച്ചിരുന്നില്ല, മറ്റുള്ളവരെക്കുറിച്ച് അറിയുവാൻ എല്ലായ്പ്പോഴും അവർ ആഗ്രച്ചു, അരക്ഷിതരും ആരാലും ശ്രദ്ധിക്കപ്പെടാതിരിക്കുന്നവരെക്കുറിച്ചു അവർ ശ്രദ്ധാലുവായിരുന്നു, അവരെ അന്വേഷിച്ചു പുറത്തുകൊണ്ടുവന്ന് സംരക്ഷണം ചെയ്തു അവർ പ്രധാനപ്പെട്ട വ്യക്തികളാണെന്നും അവരെ ശ്രദ്ധിക്കുന്നവരുണ്ടെന്നും അവരെ ബോദ്ധ്യപ്പെടുത്തി.

" കാരൾ, വലിയ കൂട്ടുകെട്ടുകൾ അവൾക്കുണ്ടായിരുന്നില്ല. ലോകത്തിൽ മറ്റുള്ളവരോട് കരുണയുള്ളവളായിരുന്നു, യേശുവിന് സമർപ്പിക്കപ്പെട്ട ഒരു ജീവിതമായിരുന്നു, ജീവിതത്തിന്റെ ആദ്യ സ്നേഹം യേശുവിനുള്ളത് ആയിരുന്നു. ദൈവത്തിൽ നിന്നും വ്യക്തമായ വിളി അവൾക്കുണ്ടായിരുന്നു. അഞ്ചു വയസിനും ശേഷം സ്കൂളിലെ ഒരു ടീച്ചർ ചർച്ചിലേക്ക് ക്ഷണിച്ചു. സഭയിലേക്കുള്ള ആദ്യ സന്ദർശനത്തിനുശേഷം, അവൾ തനിച്ചു ചില മൈലുകൾ നടന്ന് യേശുവിനെക്കുറിച്ചു കൂടുതലായി അറിയുവാനവിടെ പോകുമായിരുന്നു. കാരൾ എല്ലാവരെയും അത്ഭുതപ്പെടുത്തുന്ന ഒരു ജീവിതമായിരുന്നു. കുട്ടികളുടെയിടയിൽ അവൾ മികച്ചവൾ ആയിരുന്നു, കുടുംബത്തിൽ, ലോക ജീവിതത്തിൽ, അവളുടെ നടപ്പിൽ അസാധാരണ വ്യക്തിത്വം ആയിരുന്നു കാരൾ. ചെറുപ്പത്തിലേ അവൾ മറ്റുള്ളവരെ അറിയുവാൻ ഉത്സാഹിച്ചിരുന്നു. അവൾ വളർന്നു, അവളുടെ മക്കൾ വളർന്നു, ചൈന, ജമൈക്ക, ബെലിസ് എന്നിവിടങ്ങളിലെ ദൈവവേലയ്ക്കു നേതൃത്വം കൊടുക്കുവാൻ തക്കവണ്ണം ദൈവം അവരെ ഉപയോഗിച്ചു. ഒരു രാത്രി അവർ വാർത്തകേട്ടുകൊണ്ടിരുന്നപ്പോൾ, റൊമാനിയയെക്കുറിച്ചു കേട്ടു, വലിയ ആത്മഭാരമുണ്ടായി, അവിടെ പോയി വേല ചെയ്യാൻ തീരുമാനിച്ചു. താൻ അവിടേയ്ക്ക് യാത്രയായി, 250 വർഷം അവിടെ വേല ചെയ്തു. അവർ ഗ്രാമങ്ങളിലേക്ക് പോയി തെരുവുകളിൽ, അഭയാർത്ഥികളായവരുടെ അടുത്തേയ്ക്ക് വീടില്ലാത്തവർ ആ വ്യക്തികൾക്ക് അടിമകളായവർ, എഴുതിത്തള്ളിയവർ, ധാരാളം വരുന്ന കുഞ്ഞുങ്ങൾ എന്നിവരുടെ അടുക്കലേക്ക് പോയി. കാരൾ, പ്രവർത്തികളുടെ ഒരു വനിത, സ്നേഹത്തോടെ, പുറത്തേയ്ക്ക്, ആരും ശ്രദ്ധിക്കാതെ കിടന്നവരുടെ അടുത്തേയ്ക്ക് പോയി. ലളിത ജീവിതം നയിച്ചു, റൊമാനിയയിലെ ഒറ്റ മുറി അപ്പാർട്ട്മെന്റിൽ, അമേരിക്കയിലേക്ക് മടങ്ങിവരുവോളം, 25 വർഷക്കാലം, തന്റെ 85-ാമത്തെ വയസ്സു വരെ ജീവിച്ചു.

" കാരൾ, ത്യാഗിയായ വിശ്വസത ക്രിസ്തീയ ഭക്ത, എല്ലാക്കാലവും ഓർമ്മിക്കും. അവർ ശക്തയായ പ്രാർത്ഥനാ വീരയായി ആളുകൾക്കുവേണ്ടി ഇടിവിൽ നിന്നും പ്രാർത്ഥിച്ചു. ഓരോ ദിവസവും നാലുമണിക്ക് എഴുന്നേറ്റ് ലോകത്തിലെ സകലജനത്തിന് വേണ്ടിയും പ്രാർത്ഥിക്കും. കാരൾ ഒരു വിശ്വസ്ത വനിത ആയിരുന്നു. വിശ്വസ്തയോടെ ദൈവത്തെ സ്നേഹിച്ചു, ലോകമെമ്പാടുമുള്ള സകല ജനങ്ങളെയും സ്നേഹിച്ചു. അവരുടെ ഹൃദയത്തിന്റെ ആഗ്രഹം എന്നത്, ലോകത്തിലെ സകല മനുഷ്യരും ദൈവത്തെ വ്യക്തിപരമായി അറിയണം എന്നതാണ്. അവരുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കുവാൻ വേണ്ടി ദൈവം തന്റെ പുത്രനെ അയച്ചു എന്നും, അവിടുത്തെ സൗജന്യമായി ഒരുക്കിയ രക്ഷയെ ഇത് നിങ്ങൾ ക്കുവേണ്ടിയുള്ളതാണ്, നിങ്ങൾ ചോദിക്കമാത്രം ചെയ്ക!

**സമീർ സാദിക്ക് അബാസ്കിറോൺ**

**1939 സെപ്തംബർ 8 മുതൽ 2025 ജൂൺ 11വരെ**

ആദ്യമായി ഞങ്ങൾ പാസ്റ്റർ സമീർ -നെ കാണുന്നത് 2025-ൽ അദ്ദേഹം ഭാര്യ ആലീസുമായി ഈജിപ്റ്റിൽ നിന്നും യാത്ര ചെയ്തു. ഇവിടെ അമേരിക്കയിലുള്ള ആഗമന ദൂതന്റെ അംഗങ്ങളെ കാണുവാനായി വന്നപ്പോഴായിരുന്നു. പാസ്റ്റർ ഷെനൗഡ -യുടെ സഹായിയായി, ആഗമനദൂതന്റെ അറബി വിഭാഗത്തിൽ പ്രവർത്തനത്തിന് ചേർന്നു. 2010-ൽ അദ്ദേഹം വേല തികച്ച് വിശ്രമത്തിനായി പോയശേഷം ആ വേല പാസ്റ്റർ സമീർ ചെയ്തുവരികയായിരുന്നു. പാസ്റ്റർ സമീർ ഒരു അത്ഭുതമനുഷ്യനും ഒരു മാതൃകാ പാസ്റ്ററുമായിരുന്നു. അദ്ദേഹത്തിന്റെ ഓർമ്മക്കുറിപ്പിൽ അദ്ദേഹത്തിന്റെ ശുശ്രൂഷയുടെ തിളക്ക

**(ശേഷം 7-ാം പേജിൽ)**

(6-ാംപേജിന്റെ തുടർച്ച)

**അന്താരാഷ്ട്ര ആഗമനദൂതന്റെ രണ്ട് മുൻ ..... കടന്ന് പോയി**

മാർന്ന കാര്യങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു.

" പതിമൂന്നാം വയസിൽ സഭയിലേക്ക് നടത്തപ്പെട്ടു. സുവിശേഷം കേട്ട് മാനസാന്തരപ്പെട്ട് യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പതിനാറാം വയസ്സിൽ ദൈവം അദ്ദേഹത്തെ പൂർണ്ണ സമയ ശുശ്രൂഷയ്ക്കു വേണ്ടി വേർതിരിച്ചു. പത്തൊൻപതാം വയസിൽ സഭയുടെ പാസ്റ്ററായി നിയമിക്കപ്പെട്ടു. അറുപത്താറു വയസുവരെ തുടർന്നു. ചെറിയ ഗ്രാമങ്ങളിലും, ചെറിയ പട്ടണങ്ങളിലും വലിയ നഗരങ്ങളിലും അദ്ദേഹം പാസ്റ്ററായി ശുശ്രൂഷ ചെയ്തിട്ടുണ്ട്. ഒരു പാസ്റ്റർ എന്ന നിലയിൽ വിവിധതരം ആളുകളുടെയിൽ ശുശ്രൂഷ ചെയ്തിട്ടുണ്ട്. വിദ്യാസമ്പന്നരും വിദ്യാവിഹീനരും, കളക്ടർമാർ, പാവപ്പെട്ടവരും ധനികരും, യുവനക്കാരും പ്രായമുള്ളവരും അദ്ദേഹത്തിന്റെ അംഗങ്ങളായിരുന്നു. ഒരു സെമിനാരി അദ്ധ്യപകനായും അതിന്റെ ഡീൻ ആയും പ്രവർത്തിച്ചിട്ടുണ്ട്. 45 വർഷം താൻ പാസ്റ്റർമാരെ പരിശീലിപ്പിച്ചു, നൂറുകണക്കിന് പാസ്റ്റർമാരെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കയച്ചു, ക്രിസ്തീയ നേതാക്കന്മാർ വിവിധ സ്ഥലങ്ങളിലായി പ്രവർത്തിക്കുന്നു.

" സമീർ ഈജിപ്ഷ്യൻ അസംബ്ളിസ് ഓഫ് ഗോഡിന്റെ ഒരു ഓർഡയിൻ ശുശ്രൂഷകനാണ്. കർത്താവിന്റെ വേലയിൽ വിശ്വസ്തതയ്ക്കും നിസ്വാർത്ഥ സേവനവും മറ്റുള്ളവരുടെ മുമ്പിൽ തെളിയിച്ച ഒരു ജീവിതമായിരുന്നു. കർത്താവിന്റെ രാജ്യം വെളിപ്പെടുത്തുന്നതല്ലാതെ സ്ഥാനവും മാനവും താൻ ആഗ്രഹിച്ചില്ല. അമേരിക്കയിൽ നിന്നും മാസ്റ്റർ ഡിഗ്രി കരസ്ഥമാക്കിയ ശേഷം ഈജിപ്റ്റിലേക്ക് മടങ്ങിവന്നു. കെയ്റോയിലുള്ള ചെറിയ ശുശ്രൂഷകളിൽ ഏർപ്പെട്ടു ".

വർഷങ്ങളായി പാസ്റ്റർ സമീർ അമേരിക്കയിലേക്ക് യാത്രനടത്തുകയും സന്ദർഭവശാൽ തന്റെ മകന്റെ കുടുംബത്തോട് ചേർന്ന് അമേരിക്കയിൽ താമസിക്കയും ചെയ്തു. താൻ ചെയ്തു വന്ന ശുശ്രൂഷകളുടെ ആസ്ഥാനം അവിടെയായിരുന്നു. അതിനോടുള്ള ബന്ധത്തിൽ ഞങ്ങൾക്ക് അനവധി പ്രാവശ്യം അദ്ദേഹത്തെ സന്ദർശിക്കുവാനിടയായിട്ടുണ്ട്. ആ സന്ദർശനങ്ങൾ ഓരോ പ്രാവശ്യവും ഞങ്ങൾക്ക് അദ്ദേഹത്തിന്റെ ദൈവത്തിലുള്ള വിശ്വസ്ഥതയും ശുശ്രൂഷയ്ക്കുവേണ്ടിയുള്ള അദ്ദേഹത്തിന്റെ ഹൃദയവും സഭയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടും, അദ്ദേഹത്തിന്റെ പ്രാർത്ഥനാ ജീവിതവും വചനത്തോടുള്ള അദ്ദേഹത്തിന്റെ സ്നേഹം, കൃപയും സന്തോഷവുമുള്ള അദ്ദേഹത്തിന്റെ ആത്മീക ജീവിതവും അടുത്തറിയുവാൻ കഴിഞ്ഞു.

തന്റെ ജീവിതകാലത്ത് നടന്ന ഒരു ആഘോഷത്തിൽ സ്വർഗ്ഗത്തെക്കുറിച്ച് താൻ നടത്തിയ അധികം ദീർഘമല്ലാത്ത ചെറു പ്രസംഗങ്ങൾ അടങ്ങിയ ഒരു വീഡിയോ ക്ലിപ്പ് താൻ മരിക്കുന്നതിന് മുമ്പ് പ്രസിദ്ധീകരിച്ചു. പ്രസംഗം അറബിയിലായിരുന്നു, എങ്കിലും അതിന്റെ തലക്കെട്ട് ഇംഗ്ലീഷിലായിരുന്നു. അതിലെ വാക്കുകൾ അപ്പോസ്തലനായ പൗലൊസ് തന്റെ അന്ത്യത്തോട് അടുത്ത് പ്രസ്താവിച്ച വാക്കുകൾ ആയിരുന്നു. " ഞാനോ ഇപ്പോൾ പാനീയയാഗമായി ഒഴിക്കപ്പെടുന്നു. എന്റെ നിര്യാണ കാലവും അടുത്തിരിക്കുന്നു, ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു, അത് എനിക്ക് മാത്രമല്ല അവന്റെ പ്രത്യക്ഷതയിൽ പ്രീയം വച്ച ഏവർക്കും കൂടെ " (2തിമൊ. 4:6-8). പാസ്റ്റർ സമീർ കഷ്ടങ്ങളിലൂടെയും പ്രയാസങ്ങളിലൂടെ യും സംസാരിച്ചു, മറ്റുള്ളവരുടെ രക്ഷക്കായി പ്രവർത്തിച്ചു. സൂക്ഷ്മതയോടെ കർത്താവിന്റെ വേല ചെയ്തു, വിശ്വാസത്തിന്റെ നല്ല പോർ പൊരുതു, ഓട്ടം തികച്ചു വിശ്വാസം കാത്തു, കർത്താവ് നൽകുന്ന നീതിയുടെ കിരീടത്തിനായി കാത്തിരുന്നു. അദ്ദേഹം ഇങ്ങനെ തന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. " അവിടുന്ന് എന്റെ എല്ലാ വഴികളിലും കൂടെ ഉണ്ടായിരുന്ന. അവിടുന്ന് എനിക്ക് സന്തോഷം തന്നു. ജീവിതത്തിന്റെ എല്ലാ കഷ്ടങ്ങളിൽ നിന്നും വിടുവിച്ചു. അവിടുന്ന് പൂർണ്ണ വിശ്വസ്തനായിരുന്നു. ജീവിതയാത്രയുടെ വസാനത്തിൽ ഞാൻ അവിടുത്തെ കാണും, മുഖാമുഖമായി അവിടുന്ന് എന്റെ വിജയത്തിന്റെ വസ്ത്രം ധരിപ്പിക്കും, സമാധാനത്തിന്റെ ആ സ്വന്ത വീട്ടിൽ. ❖

# പാപത്തിന്മേൽ വിജയം

**By F.B.Meyer**

ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ട് മരിച്ച് ജീവിക്കുന്നവരെ കർത്താവ് നോക്കുന്നു. പാപത്തിൽ നിന്നും മരണത്തിൽ നിന്നും വിടുതൽ പ്രാപിച്ച് ഉയിർപ്പിന്റെ മഹത്വമുള്ള രാജ്യത്തിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. ദൈവത്തിന്റെ മനസ്സിൽ ഒരു പദവിയാണിത്; അതിനെ ഏറ്റെടത്തു വിശ്വാസത്താൽ അതിനെ യഥാർത്ഥ്യമായിത്തീർക്കുന്നു. വലിയ വ്യത്യാസം തോന്നുകയില്ല. എന്നാൽ അത് അവിടെ എന്നു വിശ്വസിക്കേണം. നാം അങ്ങനെ പ്രവർത്തിക്കേണം. അപ്പോൾ പരീക്ഷിക്കപ്പെട്ടു നിങ്ങൾ പറയുന്നു, " ഞാൻ നിങ്ങൾക്കായി മരിച്ചിരിക്കുന്നു, പുറം ലോകവുമായി ഒരു ബന്ധമില്ലാത്തതുപോലെ സംസാരിക്കുന്നു. എന്റെ കർത്താവ് ഒഴികേ നിങ്ങൾക്ക് എന്റെമേൽ യാതൊരു അധികാരവുമില്ല. " അവ്വണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിന് ജീവിക്കുന്നവർ എന്നും നിങ്ങളെ തന്നെ എണ്ണുവിൻ " (റോമർ. 6:11).

പെട്ടെന്ന് പരീക്ഷയെക്കുറിച്ച് നിങ്ങൾ ബോധവാന്മാർ എങ്കിൽ, യേശുവിങ്കലേക്ക് നോക്കുക. ആകാശത്തിൽ പറക്കുന്ന പരുന്തിനെ കണ്ട് തള്ളക്കോഴി അറിയിപ്പുകൊടുക്കുന്നത് കേട്ട് കുഞ്ഞുങ്ങൾ ഓടി അമ്മയുടെ ചിറകിൻകീഴിൽ അഭയം പ്രാപിക്കുന്നതുപോലെ വേഗത്തിൽ അവിടുത്തെ അടുത്തേയ്ക്കു ഓടിച്ചെല്ലുക. രാവിലെ, നിങ്ങളുടെ മുറിയിൽ നിന്നും പുറത്തുവരുന്നതിനുമുമ്പ്, അവിടുത്തെ കരങ്ങളിൽ നിങ്ങളെ നിശ്ചയമായും ഏല്പിക്കുക, അവിടുത്തെ കരങ്ങളിൽ ഏല്പിക്കുന്നതുവരെ സൂക്ഷിപ്പാൻ അവിടുന്ന് ശക്തൻ ആകുന്നു. അവിടുത്തെ ചിറകിൻകീഴിൽ നിങ്ങളെ അണച്ചുകൊള്ളും എന്ന ഉറപ്പോടെ നിങ്ങളുടെ മുറിയിൽ നിന്നും ഇറങ്ങു. പിരിമുറുക്കങ്ങൾ വരുമ്പോൾ, അവിടുത്തെ മുഖത്തെ നോക്കി പറയുക,

(ശേഷം 8-ാം പേജിൽ)

(7-ാംപേജിന്റെ തുടർച്ച)

**പാപത്തിന്മേൽ വിജയം**

" യേശുവേ, എന്നെ സൂക്ഷിക്കുവാൻ ഞാൻ അങ്ങയിൽ ആശ്രയിക്കുന്നു ". അതാണ് വിശ്വാസത്തിന്റെ പരിച എടുത്തുകൊൾവാൻ അപ്പോസ്തലന്മാർ പറയുന്നത്. ഉയരത്തിലെ വിശ്വാസം നിങ്ങൾക്കും പരീക്ഷകനും ഇടയിൽ ഒരു പരിചയായി നിങ്ങൾക്കു വേണ്ടി പ്രവർത്തിക്കും. നിങ്ങൾ ജീവനിലൂടെ പോകുക, ഒരു ദിവസം ആയിരം പ്രാവശ്യം പറയുക, യേശു എന്നെ രക്ഷിക്കുന്നു, ലജ്ജിപ്പിക്കുവാൻ അവിടുന്ന് സമ്മതിക്കയില്ല. ഇടർച്ചകളിൽ നിന്നും വിടുവിക്കുവാൻ അവിടുന്ന് ശക്തൻ ആകുന്നു.

അതിനെക്കാൾ മെച്ചമായ ചിലതുണ്ട്. ഒരു നരച്ച മനുഷ്യൻ അത് ആദ്യം എന്നെ പഠിപ്പിച്ചു. ഒരിക്കൽ, പരീക്ഷിക്കപ്പെടുവാനുള്ള വലിയ സാദ്ധ്യതയുണ്ടായപ്പോൾ, അദ്ദേഹം എന്നോട് സ്നേഹവും ദയയുമുള്ള യേശുവിനെക്കുറിച്ച് എന്നോട് പറഞ്ഞു, അപ്പോൾ മുതൽ താൻ അനുഭവിച്ച കരുതലും സൂക്ഷിപ്പും വിവരിച്ചു, അത് തനിക്ക് ജീവിക്കാനുള്ള ബലം നൽകി. വിശ്രമമില്ലാത്ത സമയങ്ങളിൽ, ദൈവം സമാധാനം നൽകി. കോപം ഉണ്ടായ സമയങ്ങളിൽ അവിടുത്തെ ദയ എന്നിൽ തന്നു. പരീക്ഷയുണ്ടായ സമയങ്ങളിൽ അവിടുന്ന് വിശുദ്ധി തന്നു കർത്താവേ, ക്ഷീണം വന്ന സമയം ബലം നൽകി. കർത്താവേ, ഇത് എനിക്ക് സിംഹാസനത്തിൽ നിന്നു നേരിട്ടു ദൂതുകളായിരുന്നു. അതുവരെയും മനസ്സിൽ ഭാരവുമായിട്ടാണ് ഞാൻ സഞ്ചരിച്ചത്; ഇപ്പോൾ മുതൽ ഞാൻ ഒരു സാധകാത്മമമായ ചിന്തയിലേക്ക് വന്നു. ഓരോ പരീക്ഷയുടെ അനുഭവങ്ങളും വിജയത്തിന്റെ അവസരങ്ങളാക്കി മാറ്റുവാൻ എനിക്കു കഴിഞ്ഞു.

എല്ലാം എന്നെ പൂർണ്ണ സമർപ്പണത്തിന്റെ പാതയിലേക്ക് നടത്തി, ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ എനിക്കതു കഴിഞ്ഞു. സ്ഥിരമായ വചനം ധ്യാനിപ്പാൻ എനിക്ക് കഴിഞ്ഞു. രഹസ്യ പ്രാർത്ഥനയും വചനപഠനവും തുടർന്നു. ഓരോ പരാജയങ്ങളിലും ക്ഷമാപണത്തിനുള്ള മനോഭാവം എനിക്കു കിട്ടി. ഉദ്ധാരണത്തിന് വേണ്ടി ദൈവത്തോട് പ്രാർത്ഥിച്ചു. ❖

# ക്രിസ്തുവിൽ പുതിയ ജീവിതം

**By Charles H. Spurgeon**

" യേശുക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റിരിക്കുന്നവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളിയാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ അവന്റെ മരണത്തിൽ പങ്കാളിയായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ട് പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന് തന്നെ " (റോമ. 6:3,4).

നിങ്ങൾക്കും എനിക്കും ക്രിസ്തുവിൽ ഒരു പുതുജീവിതം ഉണ്ടാകേണ്ടതിന് ദൈവത്തിന് കരുണതോന്നിയെങ്കിൽ, പഴയജീവിതത്തിന് ശേഷം പുതിയ ജീവിതം എങ്ങനെയാണ് ചെലവിടുന്നത്? ആത്മീക ജീവിതം ഒരു ജഡിക ജീവിതം ആകുമോ? എങ്ങനെയാണ് ഒരുവൻ പാപത്തിന്റെ ദാസനായിരിക്കുക, ക്രിസ്തുവിന്റെ പരിശുദ്ധ രക്തത്താൽ വിടുതൽ പ്രാപിച്ചശേഷം, പഴയ അടിമത്വത്തിലേക്ക് പോകാൻ കഴിയുമോ? പഴയ ആദാമ്യ ജീവിതത്തിൽ ആയിരുന്നപ്പോൾ, പാപിയായി ജീവിച്ചു അതിനെ സ്നേഹിച്ചു, എന്നാൽ ഇപ്പോൾ മരിച്ച് അടക്കപ്പെട്ടിരിക്കുന്നു. ജീവന്റെ പുതുക്കത്തിൽ വന്നെത്തിയിരിക്കുന്നു. നിങ്ങളെ പുറത്തു കൊണ്ടു വന്ന യാചക തുല്യമായ പഴയ അനുഭവത്തിലേക്ക് മടങ്ങിപോകാൻ കഴിയുമോ?

നിങ്ങൾ പാപത്തിൽ ജീവിച്ചാൽ, നിങ്ങളുടെ പദവിക്ക് അത് തെറ്റായിരിക്കും, ദൈവത്തിന് യോഗ്യമായി നടക്കുക. നിങ്ങൾ മോഹത്തിൽ ജീവിച്ചാൽ, ദൈവവചനത്തിന്റെ ഉപദേശങ്ങളെ ചവിട്ടിക്കളയുന്നു. ക്രിസ്ത്യാനിത്വത്തെ ഒരു രണ്ടാംകിട വസ്തുവായി തള്ളിക്കളയുന്നു, നിങ്ങൾ ആത്മിക മരണം സംഭവിച്ചിട്ട്, നിങ്ങൾ ഒരു സാധാരണ ലോക മനുഷ്യന്റെ നിലവാരത്തെക്കാൾ താഴുന്നു.

നിങ്ങളിൽ അനേകർ സ്നാനപ്പെട്ട് ലോകത്തോട് വിളിച്ചു പറയുന്നു, " ഞങ്ങൾ ലോകത്തിന് മരിച്ചിരിക്കുന്നു, പുതിയ ജീവിതത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. ഞങ്ങളുടെ ജഡസ്വഭാവങ്ങളെ മരിപ്പിച്ചിരിക്കുന്നു. പുതിയ ജീവിത പാതയലാണ് ഞങ്ങൾ ജീവിക്കുന്നത്. പരിശുദ്ധാത്മാവ് ഞങ്ങൾക്ക് ഒരു പുതിയ ജീവിത പ്രകൃതി തന്നിരിക്കുന്നു, ഞങ്ങൾ ലോകത്തിലാണ് ജീവിക്കുന്നത് എങ്കിലും, ഞങ്ങൾ ലോകത്തിന്റേത് അല്ല, പുതിയ ജീവിതം നയിക്കുന്നവരാണ്, " ക്രിസ്തുവിൽ പുതിയ സൃഷ്ടിയായിത്തീർന്നിരിക്കുന്നു ". ഈ ഉപദേശം ഞങ്ങൾ സർവ്വലോകത്തോടും വിളിച്ചു പറയും. ക്രിസ്തു ഞങ്ങൾക്കുവേണ്ടി മരിച്ചു വീണ്ടും ഉയിർത്തെഴുന്നേറ്റു അതുകൊണ്ട് അവിടുത്തെ ജനം ക്രിസ്തുവിൽ മരിച്ചു വീണ്ടും ഉയിർത്തെഴുന്നേറ്റു ക്രിസ്തുവിൽ ജീവിക്കുന്നു. ഈ ഉപദേശത്തിൽ നിന്നും പാപസംബന്ധമായി മരണവും ക്രിസ്തു സംബന്ധമായി ജീവനും വന്നിരിക്കുന്നു. ഓരോ പ്രവൃത്തിയിലും ഓരോ ചലനത്തിലും ഞങ്ങൾ ഈ സത്യം ലോകത്തോട് വിളിച്ചു പറയും. ❖

# ക്രിസ്തുവിന്റെ സ്നേഹം നിങ്ങൾക്കുവേണ്ടി

**By George Whitefield**

അതെ യേശുവിന്റെ സ്നേഹം നിങ്ങളുടെ ചിന്തകളിൽ തുടരട്ടെ! നിങ്ങൾക്കു ജീവനുണ്ടാകുവാൻ അവിടുന്ന് മരിക്കുന്നു; നിങ്ങളുടെ പാപത്തിന്റെ പരിഹാരത്തിനുവേണ്ടി അവിടുന്ന് ക്രൂശിക്കപ്പെട്ടു; അവിടുത്തെ മരണം, അടക്കം, പുനരുദ്ധാനം രക്ഷണ്യ വേലയെ പൂർത്തിയാക്കി, അവിടുന്ന് ഇപ്പോൾ സ്വർഗ്ഗത്തിൽ ജീവിക്കുന്നു, പിതാവിന്റെ വലത്തുഭാഗത്തു നമുക്കായി പക്ഷവാദം ചെയ്യുന്നു. കർത്താവിന്റെ വേല ചെയ്യുവാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടോ ആരാണ് നിങ്ങൾക്ക് വേണ്ടി ഇത് ചെയ്തത്? അവിടുത്തെ സ്നേഹം അതുല്യമാണ്. അവിടുത്തെ സ്നേഹത്തിന്റെ ഉയരം, ആഴം, നീളം, വീതി, മഹത്വത്തിന്റെ രാജാവു തന്റെ സിംഹാസനത്തിൽ നിന്നും നമുക്കായി നൽകി, മത്സരികളായി തന്ന നമുക്കു വേണ്ടി, ദൈവത്തിനെതിരെ പ്രവർത്തിച്ച് നിത്യ നാശത്തിന് യോഗ്യരായിരുന്ന നമുക്കുവേണ്ടി അവിടുന്ന് മഹാകരുണ കാണിച്ചു. അവിടുന്ന് ഈ ലോകത്തിലേക്ക് വന്നു, പാപികളായ നമ്മെ സ്നേഹിച്ചു, അവിടുന്ന് ജഡമെടുത്തു നമ്മുടെയിടയിൽ പാർത്തു, നമുക്കു വേണ്ടി മരിച്ചു; നമ്മുടെ വീണ്ടെടുപ്പുവില കൊടുത്തു, നിത്യ സന്തോഷം നമുക്കു നൽകി. ❖